# Physics Class Notes

## ജനറേറ്റർ

**വൈദ്യുതകാന്തികപ്രേരണം** പ്രയോജനപ്പെടുത്തി **യാന്ത്രികോർജത്തെ വൈദ്യുതോർജമാക്കി** മാറ്റുന്ന ഉപകരണമാണ് ജനറേറ്റർ

## 1.AC ജനറേറ്റർ




### പ്രധാനപ്പെട്ട ഭാഗങ്ങൾ

- **ഫീൽഡ് കാന്തം :** ജനറേറ്ററിൽ കാന്തികഫ്ളക്സ് സൃഷ്ടിക്കുന്ന കാന്തം.
- **ആർമെച്ചർ :** ഒരു പച്ചിരുമ്പുകോറിൽ കവചിത ചാലകക്കമ്പി ചുറ്റിയെടുത്ത ക്രമീകരണം. ഇതിനെ ഒരു അക്ഷത്തെ ആധാരമാക്കി കറക്കാൻ കഴിയും.
- **സ്ലിപ്പ്റിങ്സ് :** ആർമെച്ചർ ടെർമിനലുമായി വിളക്കിച്ചേർത്ത പൂർണ വളയങ്ങൾ. ഇവ ആർമെച്ചറിനൊപ്പം അതേ അക്ഷത്തെ ആധാരമാക്കി കറങ്ങുന്നു.
- **ബ്രഷ് :** സ്ലിപ്പ്റിങ്സുമായി സദാ സ്പർശിച്ചുകൊണ്ടിരിക്കുന്ന ക്രമീകരണം. ബാഹ്യ സെർക്കീട്ടിലേക്ക് ഇതിലൂടെ വൈദ്യുതി പ്രവഹിക്കുന്നു.

**ആർമെച്ചർ അക്ഷത്തെ ആധാരമാക്കി പ്രദക്ഷിണദിശയിൽ കറങ്ങുമ്പോൾ AB എന്ന ഭാഗം മുകളിലേക്കും CD എന്ന ഭാഗം താഴേക്കുമാണ് ചലിക്കുന്നത്.**

എങ്കിൽ ഫ്ളെമിങ്ങിന്റെ വലതുകൈ നിയമം അനുസരിച്ച്,

1. **AB എന്ന ഭാഗത്തുണ്ടാകുന്ന പ്രേരിതവൈദ്യുതിയുടെ ദിശ ഏത്?**

   **A യിൽ നിന്ന് B യിലേക്ക്.**

2. **CD എന്ന ഭാഗത്തുണ്ടാകുന്ന പ്രേരിതവൈദ്യുതിയുടെ ദിശ ഏത്?**

   **C യിൽ നിന്ന് D യിലേക്ക്.**

3. **ABCD എന്ന ചുറ്റിലുണ്ടാകുന്ന വൈദ്യുതിയുടെ ദിശ ഏത്?**

   **A യിൽ നിന്ന് D യിലേക്ക്.**

4. **ബാഹ്യ സെർക്കീട്ടിലേക്കീട്ടിലൂടെയുള്ള ( ഗാൽവനോമീറ്ററിലൂടെയുള്ള ) വൈദ്യുതിയുടെ ദിശ ഏത്?**

   **$B_2$ വിൽ നിന്ന് $B_1$ ലേക്ക്.**

ഈ സന്ദർഭത്തിൽ ആർമെച്ചറിന്റെ AB,CD എന്നീ ഭാഗങ്ങൾ കാന്തികമണ്ഡലത്തിന് ലംബമായാണ് ചലിക്കുന്നത്. അതിനാൽ വൈദ്യുതപ്രവാഹം പരമാവധി ആയിരിക്കും. $90^0$ കറങ്ങിക്കഴിയുമ്പോൾ

ആർമെച്ചറിന്റെ AB എന്ന ഭാഗത്തിന്റെയും CD എന്ന ഭാഗത്തിന്റെയും ചലനം കാന്തികമണ്ഡലത്തിന് സമാന്തരമാവുന്നതിനാൽ പ്രേരിതവൈദ്യുതി പൂജ്യം ആയിരിക്കും.

**ആർമെച്ചർ 180$^0$ അഥവാ ഒരു അർധഭ്രമണം പൂർത്തിയാക്കുമ്പോൾ**

**1. AB യുടെ ചലന ദിശ എങ്ങോട്ട്?**

താഴേക്ക്

**2. CD യുടെ ചലന ദിശ എങ്ങോട്ട്?**

മുകളിലേക്ക്

**3. ആർമെച്ചറിലൂടെയുള്ള വൈദ്യുതിയുടെ ദിശ ഏത്?**

D യിൽ നിന്ന് A യിലേക്ക്.

**4.ബാഹ്യ സെർക്കീട്ടിലേക്കിട്ടിലൂടെയുള്ള (ഗാൽവനോമീറ്ററിലൂടെയുള്ള) വൈദ്യുതിയുടെ ദിശ ഏത്?**

$B_1$ ൽ നിന്ന് $B_2$ ലേക്ക്.

**ഓരോ അർധഭ്രമണത്തിലും വൈദ്യുതപ്രവാഹദിശ മാറുന്നതായും വൈദ്യുതിയുടെ അളവ് കൂടുകയും കുറയുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള വൈദ്യുതി അതായത് പ്രത്യാവർത്തിധാരാവൈദ്യുതി (AC) ഉൽപ്പാദിപ്പിക്കുന്ന ജനറേറ്റർ AC ജനറേറ്റർ എന്നറിയപ്പെടുന്നു.**

കാന്തികമണ്ഡലത്തിൽ ആർമെച്ചർ ഒരു ഭ്രമണം പൂർത്തിയാക്കുന്നതിനിടയിലുള്ള വിവിധ ഘട്ടങ്ങളും ആ സന്ദർഭങ്ങളിലെ emf ന്റെ അളവ് സൂചിപ്പിക്കുന്ന ഗ്രാഫും ചിത്രീകരിച്ചിരിക്കുന്നു.




| | സമയം | | | | |
|---|---|---|---|---|---|
| | 0 | T/4 | T/2 | 3/4 T | T |
| ആർമെച്ചർ തിരിഞ്ഞ കോൺ | 0$^0$ | 90$^0$ | 180$^0$ | 270$^0$ | 360$^0$ |
| ഫ്ളക്സ് വ്യതിയാനനിരക്ക് | 0 | പരമാവധി | 0 | പരമാവധി | 0 |
| പ്രേരിത emf വോൾട്ടിൽ | 0 | പരമാവധി | 0 | പരമാവധി | 0 |

**AC ജനറേറ്ററിന്റെ ആർമെച്ചർ ആദ്യ അർധഭ്രമണത്തിൽ ഒരു ദിശയിൽ ഉൽപ്പാദിപ്പിക്കുന്ന പ്രേരിതവൈദ്യുതിയും അടുത്ത അർധഭ്രമണത്തിൽ വിപരീത ദിശയിൽ ഉൽപ്പാദിപ്പിക്കുന്ന പ്രേരിതവൈദ്യുതിയും ചേർന്നാൽ AC യുടെ ഒരു പരിവൃത്തി ലഭിക്കും.**

**ആർമെച്ചർ കോയിലിന്റെ ഒരു പൂർണഭ്രമണത്തിനെടുക്കുന്ന സമയമാണ് പിരീയഡ് (T).**

**ഒരു സെക്കന്റിലെ പരിവൃത്തികളുടെ എണ്ണമാണ് AC യുടെ ആവൃത്തി**. നമ്മുടെ രാജ്യത്ത് വിതരണത്തിനു വേണ്ടി ഉൽപ്പാദിപ്പിക്കുന്ന **AC യുടെ ആവൃത്തി 50 Hz** ആണ്. അതായത് ഈ വൈദ്യുതിയുടെ ദിശ ഒരു സെക്കന്റിൽ **100** പ്രവശ്യം മാറും.

സ്ലിപ്പ്റിങ്- ബ്രഷ് സംവിധാനത്തിലൂടെയാണ് ജനറേറ്ററിൽനിന്നും വൈദ്യുതി ബാഹ്യ സെർക്കീട്ടിൽ എത്തിക്കുന്നത്. ഈ ക്രമീകരണത്തിൽ ബ്രഷുകൾ സദാ സ്ലിപ്പുറിങ്ങുകളുമായി ഉരസി നീങ്ങിക്കൊണ്ടിരിക്കും. ഉരസൽമൂലം അവിടെ സ്പാർക്ക് ഉണ്ടാകും. എന്നാൽ ആർമെച്ചറിനുപകരം ഫീൽഡ് കാന്തം കറക്കുകയാണെങ്കിൽ സ്ലിപ്പ്റിങ്- ബ്രഷ് സംവിധാനം ഒഴിവാക്കാനും അതുവഴി സ്പാർക്കുമൂലം ഉണ്ടാകാനിടയുള്ള അപകടം ഒഴിവാക്കാനും കഴിയും. അതിനാൽ വൻജനറേറ്ററുകളിൽ ഈ രീതിയാണ് അവലംബിച്ചിരിക്കുന്നത്.